## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1333** **15.6.2012-ൽ മറുപടിക്ക്**

### ഉറവിടമാലിന്യ സംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ദാസൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഉറവിടമാലിന്യ സംസ്ക്കരണം ഗാർഹിക തലത്തിൽ നടപ്പിലാക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; | എ) ആവിഷ്ക്കരിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ, ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും സാമ്പത്തിക സഹായമുൾപ്പെടെയുള്ള സഹായവും എന്തെല്ലാമാണ് എന്നും ഇവ എവിടെ നിന്നെല്ലാമാണ് ലഭിക്കുക എന്നും അതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് എന്നും വിശദീകരിക്കാമോ; | & ബി) വീടുകളിൽ ഖരമാലിന്യ സംസ്കരണം നടപ്പിലാക്കുന്ന സ്വകാര്യ വ്യക്തികൾക്ക് സബ്സിഡി തുക വിതരണം ചെയ്യുന്നതിന് അതാത് പ്രദേശത്ത് ഗ്രാമപഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ സ്ഥാപനങ്ങൾ സർക്കാർ അനുവദിക്കുന്ന സബ്സിഡി തുക കണക്കിലെടുത്ത് പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. നിലവിലുള്ള മാനദണ്ഡ പ്രകാരം പ്രോജക്ട് കോസ്റ്റിന്റെ 50% സർക്കാർ വിഹിതമായും 25% ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും ബാക്കി 25% ഗുണഭോക്തൃ വിഹിതമായും വകയിരുത്തേണ്ടതാണ്. |

ദാരിദ്ര്യ രേഖയ്ക്ക് താഴെയും, മുകളിലുമുള്ള എല്ലാ വിഭാഗം ആൾക്കാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനം തീരുമാനിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി വേണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചെലവ് കുറഞ്ഞതും അനുയോജ്യവുമായ ഖരമാലിന്യ സംസ്കരണ സംവിധാനമാണ് പദ്ധതി പ്രകാരം സ്ഥാപിക്കേണ്ടത്. നടപ്പ് സാമ്പത്തിക വർഷത്തിൽ സബ്സിഡി തുക സർക്കാരിന്റെ ഭാഗത്തുനിന്നും 75 ശതമാനവും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ ഭാഗത്തു നിന്നും 15 ശതമാനവും ആയി 90 ശതമാനം സബ്സിഡിയായി ഉയർത്തിയിട്ടുണ്ട്.

സി) മാലിന്യ സംസ്ക്കരണ മേഖലയിൽ മുൻ സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും അംഗീകാര പത്രമോ അവാർഡുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളിലാണ് മുൻ സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്ന് അവാർഡുകൾ ലഭിച്ചത് എന്ന് വ്യക്തമാക്കാമോ;

ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാലിന്യ നിർമ്മാർജ്ജന രംഗത്തും നഗരാസൂത്രണ മേഖല കളിലും അനുബന്ധ മേഖലകളിലും കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും അവാർഡുകളോ അംഗീകാരമോ ലഭിച്ചിട്ടുണ്ടോ ?

സി) & ഡി) മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മേഖലയിൽ മുൻ സർക്കാരിന് നിർമ്മൽ (966 ഗ്രാമ, 106 ബ്ലോക്ക്, 6 ജില്ലാ പഞ്ചായത്ത്) പുരസ്കാര അവാർഡ്, ഗ്രീൻ കേരള എക്സ്പ്രസ്സിനുള്ള അവാർഡും ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നിർമ്മൽ (7 ഗ്രാമ, 11 ബ്ലോക്ക്, 2 ജില്ലാ പഞ്ചായത്ത്) പുരസ്കാർ അവാർഡ് ലഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ